**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **30-07-2021 - ൽ മറുപടിയ്ക്ക്**

**രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ ആഴക്കടൽ മത്സ്യബന്ധനത്തിന് ആഗോള കുത്തകകൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയതിനെത്തുടർന്നുണ്ടായ അശാസ്ത്രീയ മത്സ്യബന്ധനം മൂലവും പാരിസ്ഥിതിക പ്രശ്നങ്ങളാലും സംസ്ഥാനത്തിന്റെ മത്സ്യലഭ്യതയിലുണ്ടായിട്ടുള്ള കുറവ് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | മത്സ്യലഭ്യതയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2011-2021 കാലയളവിലുള്ള മത്സ്യലഭ്യതയുടെ വിശദാംശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിവിധ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മത്സ്യലഭ്യതയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; | (സി) | മുൻ സർക്കാരിന്റെ കാലത്ത് ഉൾനാടൻ മത്സ്യക്കൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യക്കൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യക്കൃഷി പദ്ധതിയ്ക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കടൽ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള കൃത്രിമപ്പാര് പദ്ധതി തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിൽ റീഫ് സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം ആരംഭിച്ച 140 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ |

| | | | |
|---|---|---|---|
| | | | വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതികൾ ഈ സർക്കാർ തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2011-21 കാലയളവിലെ കടൽ/ ഉൾനാടൻ മത്സ്യോൽപാദന കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | ഉൽപ്പാദനം (MT) | | |
|---|---|---|---|
| | കടൽ | ഉൾനാടൻ | ആകെ |
| 2010-11 | 560398 | 121215 | 681613 |
| 2011-12 | 553177 | 140031 | 693208 |
| 2012-13 | 530638 | 149098 | 679736 |
| 2013-14 | 522308 | 186337 | 708645 |
| 2014-15 | 524468 | 201545 | 726013 |
| 2015-16 | 516745 | 210762 | 727507 |
| 2016-17 | 488336 | 188130 | 676466 |
| 2017-18 | 483686 | 189081 | 672767 |
| 2018-19 | 609730 | 192027 | 801757 |
| 2019-20 | 475368 | 205430 | 680798 |
| 2020-21 (p) | 390597 | 224495 | 615092 |

സെക്ഷൻ ഓഫീസർ